# സമകാലിക കേരളം: ചില കാഴ്ച്ചപ്പാടുകൾ

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

## 1
## അതിരുകളില്ലാത്ത കേരളം

പ്രാഥമിക വിദ്യാഭ്യാസം നേടിയവരെല്ലാം ഒരു കാലത്ത് ഈ ഉത്തരം എഴുതിയിരിക്കാം: ഐക്യകേരളം പിറക്കുന്നതിനുമുമ്പ് അതിരുകൾ ഇപ്രകാരം: തെക്ക് കന്യാകുമാരി; വടക്ക് ഗോകർണ്ണം; കിഴക്ക് സഹ്യപർവതം; പടിഞ്ഞാറ് അറബിക്കടൽ. ഗോകർണ്ണം, മലബാർ, തിരുക്കൊച്ചി എന്നിവയുടെ ആദ്യാക്ഷരങ്ങൾ കൂട്ടിയിണക്കി "ഗോമതി"യെന്ന ഒരു പത്രം പോലും മലബാർ പ്രദേശത്തുനിന്നു അക്കാലത്ത് ഐക്യകേരളം മോഹിച്ചു പ്രസിദ്ധീകരിച്ചിരുന്നു.

സംസ്ഥാന ഏകീകരണത്തോടെ കേരളത്തിനു ഗോകർണ്ണേശ്വരനും കന്യാകുമാരീദേവിയും നഷ്ടമായി. ദ്രാവിഡത്തനിമയുള്ള ഈച്ചരന്മാർ കുടിയിറങ്ങിയ കേരളത്തിനു മതാതീതമായ ആദ്ധ്യാത്മികതപോലും കൈമോശംവന്നു. ദേവാംശം കിഴിച്ചു ബാക്കിയായത് തലയും വാലും ഇല്ലാത്ത ഉടൽ — നയിക്കാനുള്ള തലയും അനുഗമിക്കാനുള്ള വാലും അതാതിന്റെ കർത്തവ്യം വേണ്ടപോലെ അനുഷ്ഠിക്കാതെയായി. വസ്തുനിഷ്ഠമായ ചിന്തയുടെ ആത്മനിഷ്ഠമായ പിന്തുടർച്ച നഷ്ടപ്പെട്ടു. പിൽക്കാലചരിതം ദൃഷ്ടാന്തങ്ങളാൽ സമ്പുഷ്ടം.

## 2
## മറന്ന പൂർവ്വമഹിമ

ക്രിസ്തുവിനുമുമ്പേ ഈജിപ്തും ചൈനയും അറേബ്യയുമായി വാണിജ്യ ബന്ധത്തിൽ ഏർപ്പെട്ട ചേരളത്തിൽ, മിതകാലാവസ്ഥയാൽ സമ്പന്നമായ നമ്മുടെ മലനാട്ടിൽ, ജീവിതം പൊതുവെ സുഗമമാകേണ്ടതാണ്. അത്യുഷ്ണവും അതിശൈത്യവുമില്ലാത്ത ഉഷ്ണമേഖലാപ്രദേശം ഊർജ്ജസ്വലമായ സൂര്യപ്രകാശത്താൽ അനുഗൃഹീതമാകാൻ കാരണം ഭൂമദ്ധ്യരേഖയുമായുള്ള സാമീപ്യംത്തന്നെ (മദ്ധ്യകേരളത്തിലെ തൃശ്ശൂരിന്റെ അക്ഷാംശം $10.5^0$Nഉം രേഖാംശം $76.2^0$Eഉം ആകുന്നു; കോട്ടയത്തിന്റേത്, യഥാക്രമം $9.6^0$Nഉം $76.5^0$Eഉം). ചേര-ചോള-പാണ്ഡ്യദേശങ്ങളിലൂടെ ലഭിച്ച അനന്തരാവകാശസ്വത്തായ അറിവുകളും ഉൽക്കൃഷ്ടമായ കലാസാംസ്കാരിക പൈതൃകങ്ങളും ആസ്വദിക്കാനാളില്ലാത്ത ദുരവസ്ഥ പിന്തുടർന്നു. അവയെ ആത്മവിശ്വാസത്തിന്റെ അടിവസ്ത്രമാക്കാതെ, മറ്റു സംസ്കൃതികളുടെ വേഷങ്ങൾ ശരീരച്ചട്ടക്കൂട്ടിൽ തുന്നിച്ചേർക്കാനായിരുന്നു വ്യഗ്രത.

ആധുനിക കൈരളീചരിതം യൂറോപ്യൻ അധിനിവേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷുകാർ കെട്ടുകെട്ടിയതിനു മുമ്പുംപിമ്പുമുള്ള അടിമമനസ്ഥിതിയുടെയും നവോത്ഥാനത്തിന്റെയും അവസാനരേഖകൾ ഇന്നാർക്കും പ്രാപ്യം. ഇരുപതാംനൂറ്റാണ്ടു പിന്നിട്ട നാം ഇരുപത്തൊന്നിൽ കാണുന്നത്, എല്ലാ മേഖലകളിലും മദമത്സരങ്ങൾക്കു വിധേയമായ ജനസമ്പർക്കത്തെയാണ്; ജാതി ഉന്മൂലനംചെയ്തെന്നു മേനിപറഞ്ഞിട്ടും, തട്ടുകളിലും അടഞ്ഞ

കള്ളികളിലും പതിയിരുന്ന് ചേരിതിരിവിന്റെ നിറത്തോക്കായ അനുബന്ധങ്ങൾ ഉതിർത്തുകൂവുന്ന പ്രായഭേദമില്ലാത്ത പ്രബോധനങ്ങളെയാണ്.

## 3
## മുറുകുന്ന ജാതിചിന്ത

ഇന്ത്യയിൽ പ്രബലമായിരുന്ന ജാതിവ്യവസ്ഥയുടെ ദുഷ്ഫലം സ്വാമി വിവേകാനന്ദനുമുമ്പേ പ്രശ്നബാധിതർ അനുഭവിച്ചറിഞ്ഞിരുന്നു. വിവേകാനന്ദന്റെ കേരളസന്ദർശനം നടക്കുന്നത് 1892 അവസാനത്തോടെയാണ്. 1893-ലെ ചിക്കാഗൊ സർവ്വമതസമ്മേളനത്തിനു മുന്നോടിയായിട്ടായിരിക്കാം ഈ തെന്നിന്ത്യൻ സന്ദർശനം. മൈസൂർ മഹാരാജാവിന്റെ ആതിഥേയം സ്വീകരിച്ചെത്തിയ അദ്ദേഹം, എസ്.എൻ.ഡി.പി. നേതാവായ ഡോ. പൽപ്പുവിനെ ബേഗ്ലൂരിൽ കണ്ടുമുട്ടിയപ്പോളാണ് കേരളത്തിലെ കടുത്ത ജാതിവ്യവസ്ഥയെക്കുറിച്ച് കൂടുതൽ അറിയുന്നത്. മൈസൂരിൽനിന്നും രാമേശ്വരംവഴി മടങ്ങാനായിരുന്നു അദ്ദേഹത്തിന്റെ മുൻപരിപാടി. ദിവാൻ അണിയിച്ച നോട്ടുമാല സ്വീകരിക്കാതെ, സ്വാമികൾ അന്നത്തെ ടെർമിനസ്സായ ഷൊർണൂരിലേക്കു തീവണ്ടി കയറി. ഷൊർണൂരിൽനിന്നും കാളവണ്ടിയിൽ തൃശ്ശൂരിലെത്തിയ സ്വാമികൾ, ഒരു അയ്യർബ്രാഹ്മണന്റെ ആതിഥേയത്തിൽ കഴിയവെ, രോഗബാധിതനായി ജില്ലായാശുപത്രിയിൽ ചികിത്സയിലായി. തൃശ്ശൂരിൽനിന്നും ജലമാർഗ്ഗം കൊടുങ്ങല്ലൂർവഴി എറണാകുളത്തെത്തിയ അദ്ദേഹം ചട്ടമ്പിസ്വാമികളിൽനിന്നും കേരളത്തിലെ ദുഷിച്ച ജാതിസമ്പ്രദായത്തെക്കുറിച്ച് വിശദമായി ഗ്രഹിച്ചു. അവിടെനിന്ന് ബോട്ടുമാർഗ്ഗം തിരുവനന്തപുരത്തെത്തിയതും അശ്വതിത്തിരുനാൾ മഹാരാജാവുമായി കൂടിക്കണ്ടതും, തുടർന്ന് കന്യാകുമാരിയിലെ പാറയിൽ പാദമൂന്നിയതും ചരിത്രപ്രസിദ്ധം! നമ്മുടെ പൂർവ്വികരെ ഭ്രാന്താലയത്തിലെ അന്തേവാസികളെന്നു സ്വാമികൾ ശാസിച്ചത് ചിക്കാഗൊ സമ്മേളനത്തിനുശേഷമാകാനാണ് സാദ്ധ്യത.

മാവേലിക്കുശേഷം സോഷ്യലിസ്റ്റുചിന്തയുടെ കേളികൊട്ട് കേരളത്തിൽ മറ്റൊരു മാനത്തിൽ മുഴങ്ങിയത്, ശ്രീനാരായണഗുരുവിന്റെ പതിരില്ലാത്ത പഴമൊഴിയായി മാറിയ, നൂതന അദ്വൈതചിന്തയായ, "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന ആപ്തവാക്യത്തിലൂടെയാണ്. ശ്രീനാരായണനും സ്വാമി വിവേകാനന്ദനും കണ്ടുമുട്ടിയതായി കാണുന്നില്ല. ഗുരു അക്കാലത്ത് സിലോണിലായിരിക്കണം. രോഗാതുരനായ നാരായണഗുരുവിനെ സന്ദർശിക്കാൻ പിന്നീട് ശിവഗിരിയിലേക്ക് എത്താത്ത പ്രഗത്ഭരില്ല. അതിൽ ആധുനിക ഭാരതത്തിന്റെ തെളിദീപങ്ങളെന്നു വിലയിരുത്തപ്പെട്ട ഗാന്ധിജിയും ടാഗോറും ഉണ്ടായിരുന്നു; കൂടാതെ വിനോഭാഭാവെയെപ്പോലുള്ളവരും. 1920-നും 1937-നും ഇടയിൽ അഞ്ചുതവണ കേരളത്തിലെത്തിയ ഗാന്ധിജി 1925-ൽ ഗുരുവിനെ സന്ദർശിച്ചു. വിവേകാനന്ദന്റെ "ഭ്രാന്താലയ" പ്രസ്താവന നൽകിയ മുന്നഭിപ്രായത്തിന്റെ മാസ്മരികതയിൽ കേരളത്തെ നോക്കിക്കണ്ട ടാഗോർ, "താങ്കൾ നാടിനെ മാറ്റിമറച്ചല്ലോ" എന്ന് നരായണഗുരുവിനോട് 1922-ലെ സന്ദർശനവേളയിൽ പറഞ്ഞത്രെ. വിവേകാനന്ദന്റെ സന്ദർശനത്തിനുശേഷം മൂന്നു പതിറ്റാണ്ടുകൾക്കുള്ളിലെ ഉണർവ്വാണ് സൂചന.

## 4
## ഉണരുന്ന സാമ്പത്തികമേഖല

സാമ്പത്തികമേഖലയിൽ ആഗോളാടിസ്ഥാനത്തിലുണ്ടായ ഉണർവ്വിന്റെ അലകൾ കേരളത്തിലും അടിച്ചിട്ടുണ്ട്. നാണയപ്പെരുപ്പം കണക്കിലെടുത്താൽത്തന്നെയും

അഭൂതപൂർവ്വമായ വളർച്ചയാണ് ഇന്ത്യയ്ക്കുണ്ടായിട്ടുള്ളത്. അറുപതുകളിൽ, ബോംബെ നഗരത്തിന്റെയും കേരളത്തിന്റെയും വാർഷികബജറ്റുകൾ ഏകദേശം ഒരുപോലെയായിരുന്നു. അപ്രകാരം, ന്യു യോർക്ക് സിറ്റിയുടെയും ഇന്ത്യയുടെയും ബജറ്റുകൾ അക്കാലത്ത് ഒരേതോതിലായിരുന്നു. ഇന്നത്തെ അവസ്ഥ താഴത്തെ പട്ടികയിൽ:

**രണ്ടായിരത്തിപ്പതിമൂന്നിലെ വാർഷിക ബജറ്റ്**

| സ്ഥലം | വാർഷിക ബജറ്റ് (ബില്ല്യൻ ഡോളറിൽ) |
|---|---|
| കേരളം | 10 |
| മുംബൈ | 4.5 |
| ന്യു യോർക്ക് സിറ്റി | 70 |
| ഇന്ത്യ | 300 |
| യു. എസ്. എ. | 4,000 |

നോക്കുക: ഇപ്പോൾ കേരളം മുംബൈയേക്കാൾ ഇരട്ടിയിലധികം വളർന്നിരിക്കുന്നു; അതുപോലെ, ഇന്ത്യയ്ക്ക് ന്യു യോർക്ക് സിറ്റിയേക്കാൾ നാലിരട്ടിയിലധികം സാമ്പത്തികശേഷി വന്നിരിക്കുന്നു.

ഇന്ത്യയുടെ മൊത്തത്തിലുള്ള വളർച്ചയും കേരളത്തിന്റെ വളർച്ചയ്ക്കു കൂട്ടായിരിക്കാം. വ്യവസായവൽക്കരണത്തിന് ആവശ്യമായ ഗതാഗതം, ജലം, വാർത്താവിനിമയം എന്നീ രംഗങ്ങളിൽ വൻപുരോഗതി കൈവരിച്ചെങ്കിലും വൈദ്യുതീമേഖലയിൽ കേരളം ഇപ്പോഴും പിന്നിൽത്തന്നെയാണ്.

## 5
## ... കാമിനിമൂലം ...

കേരളത്തിന്റെ അടുത്തിടെ കണ്ട ഏറ്റവുംവലിയ പ്രശ്നം ലൈംഗികതയാണെന്നു തോന്നും. രാഷ്ട്രീയാന്തരീക്ഷത്തിന്റെ അടിത്തറ ആട്ടുകയും ഇളക്കുകയും ചെയ്ത സംഭവപരമ്പര പത്രമാദ്ധ്യമങ്ങൾ ഘോഷിച്ചതും മുഖ്യമന്ത്രിക്കസ്സേരവരെ കുലുങ്ങിയതും സമകാലിക വാർത്ത.

ഏതു വികാരത്തെക്കാളും വിവേകം നഷ്ടപ്പെടുത്തുന്ന രസമാകുന്നു ശൃംഗാരരാജൻ. ഏതു പ്രവൃത്തിയെക്കാളും ഏകാഗ്രത അർപ്പിക്കുന്ന ഇതിന്റെ സ്ഥായിരതിഭാവം കണ്ണിനെ മാത്രമല്ല, തലയടക്കം എല്ലാ അവയവങ്ങളുടെയും പ്രവർത്തനം മരവിപ്പിച്ച് മൂർച്ഛനാരാഗമായി ശിരസ്സിൽ ചൂളം വിളിക്കുന്നു. അതാണതിന്റെ ശക്തിയും പരിമിതിയും: ആസ്വാദനലഹരിയെന്ന ശക്തി; വിവേകശൂന്യതാജനകമെന്ന പരിമിതി.

മനസ്സിനെ അഴിമതീദൂഷിതമാക്കുന്ന വലിയ ബലഹീനതയാണ് ലൈംഗികത. ഇതിന് അടിമപ്പെട്ടു വിവേകം നശിക്കുന്ന മേലധികാരികൾ, പക്ഷപാതിത്വത്താൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാനാവാതെ ദുർബ്ബലരെ താക്കോൽസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു സമൂഹവളർച്ച മരവിപ്പിക്കാറുണ്ട്.

അതിരുവിട്ട ലൈംഗികത തിരിച്ചറിവ് സൂക്ഷിക്കുന്ന തലച്ചോറിലെ കേന്ദ്രങ്ങളുടെ സമച്ചിത്തതയോടെ പ്രവർത്തിക്കാനുള്ള ഇച്ഛയും ശക്തിയും നശിപ്പിക്കുന്നു. മൃഗങ്ങളുടെ

ഏറ്റവും വലിയ ജന്മവാസനകളാണല്ലോ, ഇരതേടലും ഇണചേരലും. ഇരയെന്നാൽ ജോലി, ഭക്ഷണം ...; ഇണയെന്നാൽ ലൈംഗികമേഖല. കേരളദേശം ഈ രണ്ടുമേഖലകളിലും എന്തുകൊണ്ടോ ദാരിദ്ര്യ-ദുരിതബാധിത പ്രദേശങ്ങളെന്നു തോന്നുന്നു.

## 6
## ക്യൂവിൽ തുടങ്ങുന്ന അച്ചടക്കം

സംസ്ക്കാരം എല്ലാറ്റിനേയും മുകളിൽനിന്നു നിയന്ത്രിക്കുന്നു. സംസ്ക്കാരമെന്നാൽ അച്ചടക്കം തന്നെ – അച്ചടക്കത്തിന്റെ നിർവ്വചനത്തിൽ അഭിപ്രായഭേദമുണ്ടാകാം.

ക്യൂവിൽമാത്രം ഒതുങ്ങുന്ന പ്രതിഭാസമല്ലിത്. ഈയ്യിടെ മാദ്ധ്യമങ്ങളിൽ ചർച്ചാവിഷയമായ “രഞ്ജിനി ഹരിദാസ്-ബിനോയ്” സംവാദത്തിന് ഒരു അനുബന്ധം ചേർക്കുന്നു, ബിനോയിയിലെ പ്രതികരണശേഷിയുള്ള യുവത്വത്തെ ശ്ലാഘിക്കുന്നതോടൊപ്പം.

ക്യൂ തെറ്റിക്കാവുന്ന/തെറ്റിക്കേണ്ട സാഹചര്യങ്ങളും അവസരങ്ങളും ഏതൊക്കെ?

1. മുന്നിലെ ആൾ നീങ്ങാതെ വിലങ്ങുതടിയായി നിൽക്കുമ്പോൾ. ചിന്തിച്ചാൽ ധാരാളം ഉദാഹരണങ്ങൾ കാണും — മൂപ്പെളിമ മാനിക്കുന്ന സമൂഹങ്ങളിൽ മൂത്തവർ വിവാഹം കഴിക്കാതെ താഴെയുള്ളവരെ വഴിമുടക്കുന്ന അവസരങ്ങൾ തൊട്ട് ...

2. മുന്നിലുള്ളവരെ ആപൽഘട്ടങ്ങളിൽ രക്ഷിക്കാൻ സഹായാഹസ്തം നീട്ടേണ്ട സന്ദർഭങ്ങൾ.

3. ക്യൂ തെറ്റിക്കുന്നത് മുന്നിലുള്ളവരെ ബാധിക്കാത്ത സാഹചര്യങ്ങൾ.

## 7
## കേരളരാഷ്ട്രീയം പുരോഗതിക്കു തടസ്സം?

ആരുഭരിച്ചാലും സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള യാത്രയ്ക്കും വളർച്ചയ്ക്കും തടയിടുന്ന നയങ്ങൾ പ്രതിപക്ഷംപോലും ഒരിക്കലും പിന്തുടർന്നുകൂടാ. പലപ്പോഴും എലിയെ തോൽപ്പിക്കാൻ ഇല്ലംചുടുന്ന സമീപനമാണ് രാഷ്ട്രീയക്കാർ പരിശീലിക്കുന്നത്. ഹ്രസ്വകാലഗുണങ്ങൾ ഉണ്ടായേക്കാമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ ഈ സമീപനം വളർച്ചാനിരക്കിനെ ബാധിക്കുന്നു. എല്ലാവരുംകൂടി ഒരു സമവായത്തിൽ എത്തേണ്ട വിഷയമാണിത്. ബന്ദും ഹർത്താലും ജനങ്ങളുടെ കെട്ടിക്കിടക്കുന്ന രോഷവും ദേഷ്യവും സങ്കടവും പ്രകടിപ്പിക്കാനുള്ള വേദിയാണെങ്കിലും, അവയുണ്ടാക്കുന്ന നാശനഷ്ടങ്ങളും അസൌകര്യങ്ങളും കണക്കറ്റതാണ്. മറുവിഭാഗം അവ നടത്തുമ്പോൾ രോഷംപ്രകടിപ്പിക്കുന്ന, സ്വന്തക്കാർ അനുവർത്തിക്കുമ്പോൾ അംഗീകരിച്ചുപിന്താങ്ങുന്ന, പ്രവണത ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കലാണെന്ന് ഇരുകൂട്ടർക്കും അറിയാം. നിയമപ്പഴുതുകളെ ആശ്രയിച്ചു ഹർത്താലിനെ ബന്ദാക്കി രൂപാന്തരപ്പെടുത്തുന്ന പ്രതികരണോപാധി സാമൂഹ്യപുരോഗതിയെ “ബന്ദി”യാക്കുന്നു.

പുരോഗതി രാഷ്ട്രീയാതീതമായി നിർവ്വചിക്കേണ്ട വിഷയമാണ്. ദീർഘവീക്ഷണമില്ലാത്ത തീരുമാനങ്ങൾ തങ്ങളെ (വ്യക്തികളെ) മാത്രം ബാധിക്കുന്ന കാര്യമെങ്കിൽ അത്ര പ്രശ്നമുണ്ടാക്കുന്നില്ല; എന്നാൽ, രാഷ്ട്രീയക്കാരുടെ നയങ്ങൾ ജനതയുടെ ഭാഗധേയം മുഴുവൻ നിർണ്ണയിക്കുന്നതിനാൽ, അവരെ പിന്നീടും കണക്കുപറയാൻ ബാദ്ധ്യസ്ഥരാക്കുന്ന, പല്ലുള്ള

ഭരണഘടനാഭേദഗതികൾ നിയമനിർമ്മാണവേളകളിൽ സ്ഥാനംപിടിക്കുന്നില്ലെങ്കിൽ ന്യായപീഠം മാതൃകാപരമായി ഇടപെടേണ്ടതാണ്.

## 8

## കേരളമെന്നു കേട്ടാൽ ...

സമൂഹത്തിന്റെ നെടുന്തൂണായ കുടുംബം ശിഥിലീകരിക്കാൻ ഉതകുന്നതും കൂട്ടുനിൽക്കുന്നതുമായ ആശയങ്ങളുടെ വളർച്ച, പാശ്ചാത്യരെ പിന്തുടർന്ന് കേരളത്തിൽ വേരൂന്നുന്നുണ്ട്. ഇതൊരു ആഗോളപ്രതിഭാസമാണെങ്കിലും പടിഞ്ഞാറൻക്കാറ്റിനു അനർഗ്ഗളമായി ഒഴുകാൻ അനാവശ്യചുരങ്ങൾ തുറന്നുകൊടുത്താൽ, പുരോഗതിയുടെ മറ്റൊരു അളവുകോലായ ശാന്തിയും സമാധാനവും തേടിപ്പോകാൻ ഭൂമുഖത്ത് ഒഴിഞ്ഞകോണുകൾ ഇല്ലാതെവരും.

ആശാവഹമായ ഒരു വസ്തുത, മലയാളഭാഷയുടെ വളർച്ചയ്ക്കു പാർട്ടിഭേദമില്ലാതെ ലഭിക്കുന്ന/കൊടുക്കുന്ന പിന്തുണയാണ്. തൊഴിൽബന്ധിതമായ ഇംഗ്ലീഷുപരിശീലനം ഒപ്പം ശക്തിപ്പെടുത്തണം. ലോകത്തെ ഇന്നു ഭരിക്കുന്നതും നിയന്ത്രിക്കുന്നതും കമ്പ്യൂട്ടറാണ്. തുടർന്നുവരുന്ന പതിറ്റാണ്ടുകളിൽ റോബൊട്ടു നിയന്ത്രിക്കുന്ന ലഘു ഉപകരണങ്ങളായിരിക്കും രാവിലെ ചായപോലും തയ്യാറാക്കുന്നത്. ആരോഗ്യ-വ്യവസായ മേഖലകളിൽ യന്ത്രമനുഷ്യന്റെ പ്രവർത്തനം ഏറെ പരന്നുകഴിഞ്ഞു. ഇവയെ നിയന്ത്രിക്കുന്ന ചിപ്പുകൾ ഇംഗ്ലീഷു പദാവലിയുടെ അടിമയാണ്. ഭാഷാഭക്തിയിൽ മുൻപന്തിയിൽ നിൽക്കുന്ന ജെർമ്മൻകാർപോലും 2013-ൽ ഇറങ്ങിയ നിഘണ്ടുവിൽ, ലജ്ജ വെടിഞ്ഞ്, അയ്യായിരത്തിലധികം കമ്പ്യൂട്ടർ-സംബന്ധമായ ഇംഗ്ലീഷുപദങ്ങൾ ചേർത്തിരിക്കുന്നു.

ഒരു നീണ്ട ഉറക്കത്തിനുശേഷം ഉണർന്നാൽ കാണുക, ഇപ്പോഴുള്ള ബെഞ്ചിനും ഡെസ്ക്കിനും പുറമെ, ക്ലൌഡിൽ കുരുങ്ങിക്കിടക്കുന്ന ബ്ലോഗും, സ്മാർട്ട്-ഡിവൈസുകളെ കല്പ്പിക്കുന്ന ഡി. എൻ. എ. ചിപ്പും, നോട്ടുബുക്കിൽ കുടിയേറിയ വൈറസ്സുമായിരിക്കും. ഇവയ്ക്കെല്ലാം തത്തുല്യമായ ഭാഷാപദങ്ങൾ തേടുന്നത്, ബൌദ്ധികാഭ്യാസമെന്ന പരിഗണനയിൽ പ്രശംസനീയമെങ്കിലും, പ്രായോഗികമാക്കൽ ബുദ്ധിപരമല്ല. മലയാളത്തെയും മലയാളിയെയും ഇഷ്ടപ്പെടുന്നവർക്ക്, ദീർഘവീക്ഷണനയങ്ങൾ രൂപീകരിക്കുമ്പോൾ, ഈ സമീപനം ബാലപാഠമാകാതിരിക്കാൻ വഴിയില്ല!

*****************************************************************************************************